LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് ക്ഷേമ പദ്ധതി സംബന്ധിച്ച്

*16 [284] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് പ്രതിമാസം പെൻഷൻ തുകയിൽ നിന്നും ഒരു നിശ്ചിത തുക പിടിച്ച് ക്ഷേമ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) 60 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് മെഡിക്കൽ അവവൻസായി ഇപ്പോൾ പ്രതിമാസം നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) 2-3-2001-ലെ ജി. ഒ. (പി.) നമ്പർ 454/01/ധന. പ്രകാരം പെൻഷൻകാർക്ക് പ്രതിമാസ പെൻഷൻ തുകയിൽ നിന്നും ഒരു നിശ്ചിത തുക പിടിച്ച് ക്ഷേമ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ട്രഷറി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) 60 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് മെഡിക്കൽ അവവൻസായി ഇപ്പോൾ പ്രതിമാസം 50 രൂപ നൽകുന്നുണ്ട്.

(സി) പുതിയ ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിധിയിൽ പെൻഷൻകാരുടെ കാര്യവും പരിഗണിക്കുന്നുണ്ട്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ടി കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം പരിഗണിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ വനാതിർത്തി നിർണ്ണയം

*17 [285] *ശ്രീ. എം. വി. ജയരാജൻ:*
„ *കെ. കെ. ജയചന്ദ്രൻ:*
„ *കെ. പി. സതീശ് ചന്ദ്രൻ:*
„ *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനാതിർത്തി നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വനാതിർത്തി നിർണ്ണയിക്കുന്നതിനുള്ള സർവ്വേ എന്നാണ് ആരംഭിച്ചത്; ഇത് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;